# നീര പദ്ധതി: നാളികേര ഉത്പാദക സംഘങ്ങൾ സക്രിയമാകുന്നു

**താമരശ്ശേരി:** തെങ്ങിൽനിന്ന് നീര ഉത്പാദിപ്പിക്കാനുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നല്കിയതോടെ കേരകർഷകരുടെ കൂട്ടായ്മയായ നാളികേര ഉത്പാദക സംഘങ്ങൾക്ക് (കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി- സി.പി.എസ്.) ജീവൻവെച്ചുതുടങ്ങി.

നീര പദ്ധതിക്ക് സർക്കാർ അംഗീകാരം നല്കിയശേഷം സംസ്ഥാനത്ത് 50-ഓളം സൊസൈറ്റികൾ പുതുതായി നിലവിൽവന്നു. പല സ്ഥലങ്ങളിലും പുതിയ സംഘങ്ങൾ രൂപവത്കരിക്കാൻ ശ്രമവും നടന്നുവരുന്നു. കേന്ദ്ര നാളികേരവികസന ബോർഡിനുകീഴിലാണ് സംഘങ്ങൾ പ്രവർത്തിക്കുന്നത്. നാളികേര വികസന ബോർഡുമായി ഫെഡറേറ്റ് ചെയ്ത ഫെഡറേഷനുകൾക്കും കമ്പനികൾക്കും മാത്രമായിരിക്കും നീര ഉത്പാദിപ്പിക്കാൻ അനുമതി നല്കുകയെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് കർഷക സംഘങ്ങളുടെ പ്രതീക്ഷ വർധിപ്പിക്കുന്നു.

സംസ്ഥാനത്ത് നാളികേരവികസന ബോർഡിനുകീഴിൽ 2,399 നാളികേര ഉത്പാദക സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. ഇവ ചേർന്ന് രൂപവത്കരിച്ച 111 ഫെഡറേഷനുകളും നാല് കമ്പനികളും നിലവിലുണ്ട്. കോഴിക്കോട് ജില്ലയിൽ 364 സൊസൈറ്റികളുണ്ട്. 18 ഫെഡറേഷനുകളും രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഒരു കമ്പനി അടുത്തയാഴ്ച നിലവിൽ വരുമെന്ന് ജില്ലയുടെ ചുമതലവഹിക്കുന്ന നാളികേരവികസന ബോർഡിന്റെ ടെക്നിക്കൽ ഓഫീസർ പറഞ്ഞു.

നീര ഉത്പാദനവുമായി ബന്ധപ്പെട്ട് നാളികേരവികസന ബോർഡിന് ഇതുവരെ നിർദേശമൊന്നും ലഭിച്ചിട്ടില്ല. എങ്കിലും കർഷകഫെഡറേഷനുകളെ ഇതിന് പര്യാപ്തമാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞു. നീര ചെത്തുന്നവരായി തിരഞ്ഞെടുക്കുന്ന നീര ടെക്നീഷ്യന്മാർക്ക് പരിശീലനം നല്കുന്നതിനുള്ള തയ്യാറെടുപ്പുകളാണ് നടന്നുവരുന്നത്. 45 ദിവസത്തെ പരിശീലനമെങ്കിലും ഇവർക്ക് നല്കണമെന്നാണ് കരുതുന്നത്. ആലുവയിലെ വാഴക്കുളത്തുള്ള ബോർഡിന്റെ ട്രെയിനിങ് സെന്ററിലാണ് ഇതിനുള്ള ഒരുക്കങ്ങൾ നടക്കുന്നത്.

നീര ചെത്തുന്നതിന് ഫെഡറേഷനുകൾക്കും കമ്പനികൾക്കും ലൈസൻസ് ലഭിക്കുമെന്നാണ് പ്രതീക്ഷ. 15 മുതൽ 20 വരെ സൊസൈറ്റികൾ ചേർന്നതാണ് ഒരു ഫെഡറേഷൻ. പത്ത് ഫെഡറേഷനുകൾ ചേർന്ന് ഒരു കമ്പനിയായി രജിസ്റ്റർ ചെയ്യാം. നാല് ജില്ലകളിൽ കമ്പനി വന്നുകഴിഞ്ഞു. പത്ത് ലക്ഷം തെങ്ങുകൾ ഒരു കമ്പനിക്കുകീഴിൽ ഉണ്ടാകണമെന്നാണ് നിർദേശം. കുറഞ്ഞത് പത്ത് കായ്ഫലമുള്ള തെങ്ങുകളെങ്കിലുമുള്ള 40 മുതൽ 100 വരെ കർഷകർ ചേർന്ന് രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളാണ് നാളികേര ഉത്പാദക സൊസൈറ്റികൾ. ശരാശരി 5,000 തെങ്ങുകൾ ഒരു സൊസൈറ്റിക്കുകീഴിൽ വേണം. ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് ഇവ ബോർഡിന്റെ കീഴിൽ വരുന്നത്. നേരത്തെയുണ്ടായിരുന്ന നാളികേര ക്ലസ്റ്ററുകൾക്ക് പകരമായി രണ്ടുവർഷം മുമ്പാണ് നാളികേര വികസന ബോർഡ് കർഷകരുടെ സൊസൈറ്റികൾ രൂപവത്കരിച്ചു തുടങ്ങിയത്.